# പതിനാലാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2434

2018 ഡിസംബർ 6 -ലെ മറുപടിക്ക്

## <u>ധനകാര്യ പരിശോധന വിഭാഗം</u>

| <u>ചോദ്യം</u><br><br>ശ്രീ.പി.ടി. തോമസ് | <u>ഉത്തരം</u><br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **(എ)** ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ തുർനടപടി ഭരണവകുപ്പ് സമയബന്ധിതമായി എടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** തുടർനടപടി എടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ഭരണവകുപ്പ് സമയബന്ധിതമായി തുടർ നടപടി എടുക്കാതിരിക്കുന്നു എന്ന ആക്ഷേപം വിവിധ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്ക നടപടി എടുക്കുന്നതാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് 31-7-18 ൽ സർക്കുലർ നമ്പർ 71/2018 പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ തുടർ നടപടി എടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരേ നാളിതുവരെ നടപടികളൊന്നും തന്നെ എടുത്തിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ